പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2017 — 17.12.2012 ൽ മറുപടിക്ക്

## കേരളത്തിലെ അതിക്രമങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | 2011 മേയ് മാസത്തിന് ശേഷം കേരളത്തിൽ നടന്ന വെടിവയ്പുകളുടെ എണ്ണം എത്ര; അതിൽ പരിക്കു പറ്റിയവർ എത്ര; എത്രപേർക്ക് മരണം സംഭവിച്ചു; | (എ) | ഒരു വെടിവെയ്പ് നടന്നതിൽ പരിക്കു പറ്റിയതും മരണം സംഭവിച്ചതുമായി ആരും ഇല്ല |
| (ബി) | സ്ത്രീപീഡനക്കേസുകളിൽ എത്രപേർ പ്രതികളായി; | (ബി) | 23896 പേർ പ്രതികളായിട്ടുണ്ട്. |
| (സി) | സ്ത്രീകളെ തട്ടിക്കൊണ്ടുപോയ കേസുകളിൽ എത്രപേർ പ്രതികളാണ്; അറസ്റ്റ് ചെയ്യപ്പെടാത്ത പ്രതികൾ എത്ര; | (സി) | 404 പേർ പ്രതികളായിട്ടുണ്ട്. അതിൽ 66 പേരെ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. |
| (ഡി) | തട്ടിക്കൊണ്ടുപോയ സ്ത്രീകളെ കണ്ടെത്താൻ കഴിയാത്ത എത്ര കേസുകൾ; | (ഡി) | 13 കേസുകൾ |
| (ഇ) | ഈ കാലയളവിൽ എത്ര ആരാധനാലയങ്ങളിൽ അക്രമം നടന്നു; ഓരോ സമുദായത്തിന്റേയും എത്ര ആരാധനാലയങ്ങൾ ആക്രമിക്കപ്പെട്ടു, എത്ര കേസുകൾ എടുത്തു; ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ വേർതിരിച്ച് വെളിപ്പെടുത്താമോ; | (ഇ) | 37 ആരാധനാലയങ്ങളിൽ അക്രമം നടക്കുകയും അത്രതന്നെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്.<br>ഹിന്ദു ആരാധനാലയങ്ങൾ - 10<br>മുസ്ലീം ആരാധനാലയങ്ങൾ - 26<br>ക്രിസ്ത്യൻ ആരാധനാലയങ്ങൾ -1 |
| (എഫ്) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ലാത്തി ചാർജുകൾ നടന്നു; എവിടെയെല്ലാം; എത്രപേർക്ക് പരിക്കുപറ്റി; | (എഫ്) | 14 ലാത്തി ചാർജ്ജുകൾ (ലാത്തി വീശിയത് ഉൾപ്പെടെ) നടന്നിട്ടുണ്ട്. ഇതിൽ 156 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. പോലീസ് ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ജി) | മാറാട് കലാപത്തെ സംബന്ധിച്ച് പോലീസിന്റെ പ്രത്യേക അന്വേഷണത്തെ നിയോഗിച്ചിരുന്നുവോ; അന്വേഷണ പുരോഗതി വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച അന്വേഷണം നിറുത്തിവയ്ക്കാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ജി) | മാറാട് കലാപത്തിന്റെ ഗൂഢാലോചന സംബന്ധിച്ച് അന്വേഷണത്തിന് പോലീസിന്റെ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. 190 സാക്ഷികളെ ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. അന്വേഷണം പുരോഗമിക്കുന്നുണ്ട്. അന്വേഷണം നിർത്തിവയ്ക്കാൻ സർക്കാർ ഉത്തരവ് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | ജില്ല | സ്ഥലങ്ങൾ | പരിക്ക് പറ്റിയവരുടെ എണ്ണം |
|---|---|---|---|
| 1 | തിരു: സിറ്റി | സെക്രട്ടേറിയറ്റും സമീപ പ്രദേശവും, പാളയം | 89 |
| 2 | കൊല്ലം സിറ്റി | ഏ.ആർ. ക്യാമ്പിന് മുൻവശം | -- |
| 3 | പത്തനംതിട്ട | റാന്നി താലൂക്ക് ആശുപത്രിക്ക് സമീപം | 09 |
| 4 | ആലപ്പുഴ | കളക്ടറേറ്റിന് സമീപം | -- |
| 5 | കോട്ടയം | കളക്ടറേറ്റിന് മുൻവശം | -- |
| 6 | തൃശൂർ റൂറൽ | പാലിയേക്കര ടോൾ പ്ലാസക്ക് സമീപം | -- |
| 7 | പാലക്കാട് | സിവിൽ സ്റ്റേഷന് സമീപം | 04 |
| 8 | കോഴിക്കോട് സിറ്റി | PWD ഓഫീസിന് സമീപം, West Hill Engg. College ന് സമീപം | 35 |
| 9 | കോഴിക്കോട് റൂറൽ | കൊയിലാണ്ടി പോലീസ് സ്റ്റേഷൻ പരിധിയിൽ | 14 |
| 10 | കണ്ണൂർ | പരിയാരം മെഡി: കോളേജിന് സമീപം | -- |
| 11 | കാസറകോഡ് | കളക്ടറേറ്റിന് സമീപം, ഹോസ്ദുർഗ് കടപ്പുറം | 05 |
| | | ആകെ | 156 |

സെക്ഷൻ ഓഫീസർ

10/4/13